**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585</u>** **<u>23-02-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതി സംബന്ധിച്ച്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയുടെ പ്രയോജനം ഏതെല്ലാം പ്രദേശങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിനായി സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കാമോ? | (എ) | കണ്ണൂർ കാസർഗോഡ് മാഹി Geographical area യിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സിറ്റി ഗ്യാസ് പദ്ധതി 2020 ഡിസംബർ 28 നാണ് ആരംഭിച്ചത്. (മൂലകണ്ടം - മഡിയൻ റോഡ് (4.10 കി.മീ), CGS കോട്ടപ്പാറ-മാവുങ്കൽ ജംഗ്ഷൻ (2.20 കി.മീ) ലുമായി നാളിതുവരെ 6.30 കി.മീ ന്റെ സ്റ്റീൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ സ്റ്റീൽ പൈപ്പ് ലൈൻ കണക്ടിവിറ്റിക്ക് ഇതുവരെ ആവശ്യമായ അനുമതി ലഭിച്ചിട്ടില്ല. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ അജാനൂർ ഗ്രാമപഞ്ചായത്തിലാണ് ഗാർഹിക പൈപ്പ് പ്രകൃതിവാതകത്തിന് (PNG-D) തുടക്കം കുറിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ളത്. തുടർന്ന് ടി പദ്ധതി നീലേശ്വരം മുനിസിപ്പാലിറ്റിയുടെ ചുറ്റുപാടുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട ഐഒഎജിപിഎൽ സിറ്റി ഗേറ്റ് സ്റ്റേഷൻ (CGS), കോട്ടപ്പാറ, കാഞ്ഞങ്ങാട് സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ, സിറ്റി ഗ്യാസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ആവശ്യമായ അംഗീകാരം ലഭ്യമാക്കുവാനുള്ള അപേക്ഷ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ